


# നിയമത്തെ കുപ്രസിദ്ധമാക്കാൻ
# പത്ത് അപേക്ഷ മാത്രം മതി

അഡ്വ. ആസിഫലി

വിവരാകാശ നിയമംപോലെ ജന കോടികളെ ഇത്രമാത്രം ശാക്തീകരിച്ച നിയമം മറ്റൊന്നില്ലെന്ന് ഒട്ടുമിക്ക ആളുകളും കരുതാൻ കാരണം ആനയെ കാണുംപോലെ വിവരാകാശ നിയമത്തെ കാണുന്നതുകൊണ്ടാണ്. ഈ അപേക്ഷയിൽ ചോദ്യം ചോദിക്കുന്ന രീതിക്കാണ് പ്രാധാന്യം. എന്റെ ചോദ്യത്തിന് ലഭിക്കുന്ന മറുപടി സഖാവ് പിണറായി വിജയന് ലഭിക്കണമെന്നില്ല. പ്രോസിക്യൂഷൻ നടപടി തടസപ്പെടുന്ന രീതിയിൽ വിവരം കൊടുക്കാൻ പാടില്ലെന്ന് വിവരാകാശം നിയമത്തിൽ പറയുന്നുണ്ട്. പൊതു താൽപര്യം ഉണ്ടെങ്കിൽ സ്വകാര്യ വ്യക്തിയുടെ സ്വത്തി വിവരം ഉൾപ്പെടെ ഉള്ളവ അപേക്ഷകന് ലഭിക്കാൻ അർഹതകളുണ്ട്. എല്ലായിനങ്ങളും പോലെ വിവരാകാശ നിയമവും ദുരുപയോഗം ചെയ്യുന്നവരുമുണ്ട്. മുഴുവൻ ജനപ്രതിനിധികളെയും ശാക്തീകരിക്കാൻ രണ്ട് വിവരാകാശ അപേക്ഷ മതി എന്നപോലെ നിയമത്തെ കുപ്രസിദ്ധമാക്കാൻ പത്ത് അപേക്ഷ മാത്രം മതി.

വിവരാകാശ പ്രവർത്തനം മൂന്നു തരത്തിൽ നടത്തേണ്ടതുണ്ട്.

1. വിവരം പുറത്തുകൊണ്ടുവരാൻ നടപടി. അതിലൂടെ സങ്കട നിവൃത്തി.
2. അധികാരികൾക്കെതിരെയുള്ള സമരമായി അത് വളർത്തിയെടുക്കുക.
3. നിയമ നടപടി വെറും വിവരാകാശ അപേക്ഷയെ സമരമാർഗമായി വളർത്തി യെടുക്കുകയാണ് വേണ്ടത്.

കോടിയേരിയുടെ ഔദ്യോഗിക വസതിയായ മൻമോഹൻ ബംഗ്ലാവ് മോടിപിടിപ്പിക്കാൻ വന്ന ചെലവ്, മുഖ്യമന്ത്രി ബ്രീച്ച് ഓഫ് പ്രിവിലേജ് നടപടിക്ക് വിധേയനാക്കി. പി.ജെ. ജോസഫിന്റെ വിമാനയാത്ര വിവാദമാക്കിയത് മറ്റൊരു അപേക്ഷയാണ്.

മറ്റ് നിയമങ്ങളെ അപേക്ഷിച്ച് വിവരാവകാശ നിയമത്തിന് അമിത പ്രഭാവമുണ്ടെന്ന് 22-ാം വകുപ്പിൽ പറയുന്നുണ്ട്. ഇതനുസരിച്ച് ഔദ്യോഗിക രഹസ്യ നിയമമോ റവന്യൂ ചട്ടങ്ങളോ വിവരാവകാശ നിയമ പരിധിയിൽ വിഘാതമായി വരില്ല. എന്നാൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം നിരാശാജനകമാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കാനോ സെക്ഷൻ നാലിൽ പറയുന്നതുപോലെ സർക്കാർ ഓഫീസുകളിലെ സേവനം പ്രസിദ്ധപ്പെടുത്തുന്നത് നടപ്പാക്കാൻ പോലും കമ്മീഷന്റെ ഇടപെടലുകളിലൂയെ സാധിച്ചില്ല. തലശേരി സ്വദേശിയായ അഡ്വ. ആസിഫലി വിവരാകാശനിയമത്തിലൂടെ ഒട്ടേറെ വിവാദങ്ങൾ പുറത്തുകൊണ്ടുവന്നു. എം.പി.മാരുടെ അറ്റൻഡൻസ്, കൈപ്പറ്റിയ അലവൻസ്, ലാവ്‌ലിൻ രേഖകൾ, മന്ത്രി മന്ദിരം മോടിപിടിപ്പിച്ച കണക്കിലെ കള്ളക്കളികൾ എന്നിവ ഇവയിൽ ചിലതാണ്.

### വിവരാവകാശ ആക്ടിവിസത്തിന് കൈപ്പുസ്തകം

വിവരാവകാശ ആക്ടിവിസ്റ്റുകളും സാധാരണക്കാരും സ്വന്തമാക്കേണ്ട മികച്ച കൈപ്പുസ്തകമാണ് വിവരാവകാശ നിയമം. എന്തിന്? എങ്ങനെ ഉപയോഗിക്കാം, എന്നത് കോട്ടക്കൽ കളം രാജൻ പുസ്തകത്തിൽ വിവരിക്കുന്നു. എങ്ങനെ വിവരാവകാശ അപേക്ഷ എഴുതാം. എങ്ങനെ സാധാരണക്കാരന്റെ ആവശ്യങ്ങൾ വിവരാവകാശ അപേക്ഷയിലൂടെ നേടിയെടുക്കാം എന്നത് ലളിതമായി പുസ്തകത്തിൽ പറയുന്നു. ഉദ്യോഗസ്ഥനിൽ നിന്ന് മറുപടി ലഭിച്ചെങ്കിൽ ആദ്യ പരാതിയും രണ്ടാം പരാതിയും അയക്കാനുള്ള മാതൃക, വിശദവിവരങ്ങൾ എന്നിവ പുസ്തകം നൽകുന്നു. വില 20 രൂപ.

***രാജൻ, 'കളം', കോട്ടയ്ക്കൽ, പി.ഒ., മലപ്പുറം***




**കൈപ്പറ്റി**

ഹരിതദർശനം ജോൺസിയുടെ ആത്മകഥ

പേജ് : 178
വില : 100 രൂപ

മാതൃഭൂമി ബുക്സ്, കോഴിക്കോട്